കവർസ്റ്റോറി

ടി.കെ ഫാറൂഖ്

# ജനാധിപത്യം, ഇസ്‌ലാം, മൗദൂദി

**കൃത്യമായ** നിർവചനങ്ങൾ പ്രയാസകരമായ ആശയമാണ് ജനാധിപത്യം. അതിന്റെ രാഷ്ട്രീയ പ്രയോഗത്തിനാണ് പൊതുവെ നിർവചനങ്ങളിൽ ഊന്നൽ നൽകപ്പെടാറുള്ളത്. 'ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണകൂട'മെന്ന് എബ്രഹാം ലിങ്കൻ നിർവചിച്ചപ്പോൾ മുൻനിർത്തിയത് ജനാധിപത്യത്തിന്റെ രാഷ്ട്രീയ വ്യവഹാരത്തെയാണ്. എന്നാൽ വിശാലമായ അർഥത്തിൽ ജനാധിപത്യമെന്ന ആശയം ഭരണവ്യവസ്ഥയിൽ ഒതുങ്ങി നിൽക്കുന്നതല്ല. മനുഷ്യരുടെ ചിന്തയെയും കർമങ്ങളെയും അഗാധമായി സ്വാധീനിക്കേണ്ട മൂല്യസഞ്ചയമാണത്. വ്യക്തിജീവിതത്തിലെ നിലപാടുകളിൽനിന്ന് തുടങ്ങി സാമൂഹിക വ്യവഹാരങ്ങളിലും ഭരണസംവിധാനങ്ങളിലും ഈ മൂല്യങ്ങൾ പ്രതിഫലനമുളവാക്കണം.

മനുഷ്യരുടെ ആത്മബോധമാണ് ജനാധിപത്യത്തിന്റെ പ്രാരംഭബിന്ദു. ആത്മബോധമില്ലാത്ത മർദിതനായ അടിമയുടെയും പരചിന്തയില്ലാത്ത മർദകനായ ഉടമയുടെയും മാനസികാവസ്ഥകൾക്കിടയിലുള്ള മധ്യബിന്ദുവായാണ് അൾജീരിയൻ ചിന്തകൻ മാലിക് ബിന്നബി ജനാധിപത്യത്തെ വിശദീകരിക്കുന്നത്. ആത്മബോധം നഷ്ടപ്പെടുമ്പോൾ അടിമ, അടിമത്തത്തെ തന്റെ ഭാഗധേയമായി മനസ്സിലാക്കുകയും അതുമായി സമരസപ്പെടുകയും ചെയ്യുന്നു. വ്യക്തികൾക്കും സമൂഹങ്ങൾക്കും ഈ സമരസപ്പെടൽ സംഭവിക്കാം. എന്നാൽ അവൻ ആത്മബോധത്തിലേക്ക് ഉയരുമ്പോൾ, സമസൃഷ്ടികൾക്ക് വിധേയപ്പെട്ടുകഴിയേണ്ടവനല്ല താനെന്ന തിരിച്ചറിവ് അവനുണ്ടാവുന്നു. തന്റെ മേൽ അന്യായമായി അധികാരപ്രയോഗം നടത്തുന്നവർക്കെതിരെ അവനിൽ പ്രതിഷേധം രൂപപ്പെടുന്നു. സ്വതന്ത്രമായി ചിന്തിക്കാനും പ്രകാശിപ്പിക്കാനുമുള്ള അഭിവാഞ്ഛ വളർന്നുവരുന്നു. തന്നിലുൾച്ചേർന്നിരിക്കുന്ന അനന്തസാധ്യതകളുടെ ക്രിയാത്മക പോഷണത്തിന് അനുയോജ്യമായ സാഹചര്യം ലഭ്യമാകണമെന്ന് അവനാഗ്രഹിക്കുന്നു. മനുഷ്യനെ യഥാർഥ മനുഷ്യനാക്കുന്ന ഈ ആത്മബോധമാകട്ടെ ഏതെങ്കിലും നിയമമോ ഭരണഘടനയോ പകർന്നുനൽകിയതല്ല, മറിച്ച് മനുഷ്യാരംഭം മുതൽതന്നെ അവന്റെ പ്രകൃതത്തിൽ അന്തർലീനമാണ്.

തനിക്കവകാശപ്പെട്ടതിനു വേണ്ടി പോരാടുമ്പോൾതന്നെ തന്നിൽനിന്ന് അവകാശപ്പെട്ടത് വകവെച്ചുകൊടുക്കാനുള്ള വിശാലമനസ്കത കൂടെ പ്രകടിപ്പിക്കുമ്പോഴാണ് ആത്മബോധം ജനാധിപത്യബോധമായി വികസിക്കുന്നത്. 'ഞാനി'ൽനിന്ന് 'നമ്മളി'ലേക്കുള്ള വളർച്ചയാണത്. അവകാശങ്ങൾ ബാധ്യതകളുടെ പൂർത്തീകരണത്തിൽനിന്ന് ഉപലബ്ധമാവുന്നതാണെന്ന തിരിച്ചറിവാണത്. പ്രപഞ്ചമഹാസാഗരത്തിലെ ഒരു കണിക മാത്രമാണ് താനെന്ന വിനയഭാവമാണത്. അഥവാ ജനാധിപത്യബോധമുൾക്കൊള്ളുന്ന മനുഷ്യൻ തന്നിലെ വ്യക്തിയെ സാമൂഹികജീവിതത്തിനു വേണ്ടി സ്വയം പരുവപ്പെടുത്തുന്നു. വ്യക്തി താൽപര്യങ്ങൾക്കും സാമൂഹികാവകാശങ്ങൾക്കുമിടയിലുള്ള സമതുലിതാവസ്ഥയിൽനിന്നുകൊണ്ടുള്ള ആത്മാവിഷ്കാരസാധ്യതകൾ അവൻ സ്വയം കണ്ടെത്തുന്നു.

ജനാധിപത്യത്തിന്റെ സത്ത വ്യക്തികളുടെ ബോധമണ്ഡലത്തിൽ നിലനിന്നാൽ പോരാ; സാമൂഹിക, രാഷ്ട്രീയ ഘടനയിൽ പ്രകടമാവണം. അതിന് സ്വതന്ത്രമായി വളരാനും വികസിക്കാനുമാവശ്യമായ പശ്ചാത്തലമൊരുങ്ങണം. അപ്പോഴാണ് ഒരു സമൂഹം ജനാധിപത്യ സമൂഹവും രാഷ്ട്രം ജനാധിപത്യരാഷ്ട്രവുമായി മാറുന്നത്. വർണ-വർഗ വിഭജനങ്ങൾക്കതീതമായ മനുഷ്യസമത്വം, നീതി, ചിന്തിക്കാനും അഭിപ്രായ പ്രകടനം നടത്താനുമുള്ള സ്വാതന്ത്ര്യം, ഭരണകർത്താക്കളെയുൾപ്പെടെ സ്വതന്ത്രമായി തെരഞ്ഞെടുക്കാൻ കഴിയുന്ന സാഹചര്യം, ഭരണകൂടം ഭരണീയരോട് വിധേയത്വം പ്രകടിപ്പിക്കുന്ന രാഷ്ട്രീയ സംവിധാനം, മനുഷ്യാവകാശങ്ങളുടെ പൂർണമായ സംരക്ഷണം തുടങ്ങിയ അടിത്തറകളിലാണ് ഒരു ജനാധിപത്യ സമൂഹം വളർന്നു വികസിക്കുന്നത്.

## ഇസ്‌ലാമും ജനാധിപത്യവും

'ജനാധിപത്യം' (Democracy) എന്ന പദപ്രയോഗവും ഇന്നത്തെ അതിന്റെ ചില പ്രതിനിധാനങ്ങളും ആധുനിക കാലത്തിന്റെ സംഭാവനയാണ്. എന്നാൽ അതിന്റെ മൗലികസത്ത മനുഷ്യനോളം പഴക്കമുള്ളതും വ്യത്യസ്ത ദർശനങ്ങളും സംസ്കാരങ്ങളും ഏറിയോ കുറഞ്ഞോ അംഗീകരിച്ചുപോന്നതുമാണ്. ഈ മൂല്യങ്ങൾ ഏറ്റവും കൂടുതൽ പ്രകടമാവുന്ന ദർശനമാണ് ഇസ്‌ലാം.

'ആദം സന്തതികളെ നാം ആദരിച്ചിരിക്കുന്നു' (ഖുര്‍ആന്‍ 17:70) എന്ന ദൈവികവിളംബരമാണ് ഇസ്‌ലാമിന്റെ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ അടിത്തറ. മനുഷ്യന്‍ മനുഷ്യനായതുകൊണ്ടുതന്നെ ദൈവത്താല്‍ ആദരിക്കപ്പെട്ടവനാണ്. ദേശ-ഭാഷാ-വര്‍ഗ-വര്‍ണ വൈജാത്യങ്ങള്‍ക്ക് അതീതമാണാ മഹത്വം. "ഒരേ മാതാപിതാക്കളില്‍നിന്ന് നിങ്ങളെ നാം സൃഷ്ടിച്ചിരിക്കുന്നു. വ്യത്യസ്ത വര്‍ഗങ്ങളും ഗോത്രങ്ങളുമാക്കിയതാവട്ടെ തിരിച്ചറിയാനുള്ള മേല്‍വിലാസക്കുറികളായി മാത്രം. ദൈവഭയം മാത്രമാണ് ദൈവത്തിങ്കല്‍ മഹത്വത്തിന്റെ മാനദണ്ഡം" (ഖുര്‍ആന്‍ 49:13). വംശീയ അഹന്തകളുടെ മേല്‍, വര്‍ഗമേല്‍ക്കോയ്മകളുടെ മേല്‍ മനുഷ്യന്‍ കെട്ടിപ്പൊക്കുന്ന അനീതിയുടെ നെടുങ്കോട്ടകള്‍ തകര്‍ന്നുവീഴുകയാണ് ഉദാത്തമായ ഈ മാനവികസമത്വപ്രഖ്യാപനത്തിനു മുമ്പില്‍.

വ്യക്തിസ്വാതന്ത്ര്യമാണ് ഇസ്‌ലാമിക സംസ്കാരത്തിന്റെ ഉഛ്വാസവായു. സ്വന്തം സ്രഷ്ടാവിനെപ്പോലും അംഗീകരിക്കാനോ തിരസ്കരിക്കാനോ ഉള്ള സ്വാതന്ത്ര്യം. ശരിയും തെറ്റും വേര്‍തിരിച്ചുകാട്ടുന്നു ഇസ്‌ലാം. സ്വീകാരവും തിരസ്കാരവും മനുഷ്യരാണ് തീരുമാനിക്കേണ്ടത്. "തുറന്നു പറയുക: ദൈവപ്രോക്തമായ സത്യസന്ദേശമാണിത്. വേണ്ടവര്‍ക്ക് വിശ്വസിക്കാം; നിഷേധമാണുദ്ദേശ്യമെങ്കില്‍ അങ്ങനെയുമാവാം" (ഖുര്‍ആന്‍ 18:29). ദൈവികപാത തെരഞ്ഞെടുക്കുന്നതുപോലും സ്വാതന്ത്ര്യബോധത്തിന്റെയും ഇഛാശക്തിയുടെയും ശരിയായ വിനിയോഗത്തിലൂടെയാവണമെന്ന് ചുരുക്കം. ഇസ്‌ലാമിന്റെ കാഴ്ചപ്പാട് തെളിമയാര്‍ന്നതാണ്. "ദൈവമാര്‍ഗത്തില്‍ ബലാല്‍ക്കാരമില്ല" (ഖുര്‍ആന്‍ 2:256).

മനുഷ്യാവകാശ ചിന്തകളുടെ വ്യതിരിക്ത ഭാവങ്ങള്‍ ചരിത്രത്തിന്റെ വ്യത്യസ്ത ഏടുകളില്‍ നമുക്ക് വായിച്ചെടുക്കാം. എന്നാല്‍ പ്രവാചകന്‍ മുഹമ്മദിന്റെ വിടവാങ്ങല്‍ പ്രഭാഷണത്തിലെ പ്രഖ്യാപനങ്ങളോട് കിടപിടിക്കുന്ന മറ്റൊന്ന് ചരിത്രത്തിലില്ല തന്നെ. പ്രവാചകന്‍(സ) പ്രഖ്യാപിച്ചു: "ജീവനും സമ്പത്തും അഭിമാനവും പവിത്രമാണ്. അവയുടെ മേല്‍ കൈയേറ്റമരുത്. മാനവസമൂഹമേ, നിങ്ങളുടെ ദൈവമൊന്ന്, ആദിപിതാവൊന്ന്. എല്ലാവരും ആദമില്‍നിന്ന്, ആദമോ മണ്ണില്‍നിന്നും. ഭക്തിയത്രെ ദൈവസമക്ഷം ശ്രേഷ്ഠതക്കാധാരം. അറബിക്ക് അനറബിയേക്കാളോ അനറബിക്ക് അറബിയേക്കാളോ ഒരു മഹത്വവുമില്ല, ദൈവബോധം കൊണ്ടല്ലാതെ."

മനുഷ്യമഹത്വവും സ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും വിളംബരം ചെയ്യുക മാത്രമല്ല ഇസ്‌ലാം ചെയ്യുന്നത്. അവയെ സാമൂഹിക ജീവിതത്തിന്റെ അടിത്തറയായി സ്വീകരിച്ചിരിക്കുന്നു. ആര് ഭരിക്കണമെന്നും എങ്ങനെ ഭരിക്കണമെന്നും തീരുമാനിക്കാന്‍ പുരോഹിത വര്‍ഗമോ മതമേലാളന്മാരോ ഇസ്‌ലാമിലില്ല. 'ഇസ്‌ലാമില്‍ പൗരോഹിത്യമില്ല' (പ്രവാചകവചനം). ഭരണാധികാരിയുടെ തെരഞ്ഞെടുപ്പ് പൗരസമൂഹത്തിന്റെ അവകാശമാണ്. ഓരോ പൗരനും സ്വതന്ത്രമായി അഭിപ്രായം രൂപീകരിക്കാനുള്ള വ്യക്തിത്വമുള്ളവനും അത് പ്രകടിപ്പിക്കാന്‍ അവസരം സിദ്ധിക്കുന്നവനുമാണെന്നതാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. "അവര്‍ അവരുടെ കാര്യങ്ങള്‍ നടത്തുന്നത് പരസ്പരം കൂടിയാലോചിച്ചാണ്" (ഖുര്‍ആന്‍ 42:38). ഈ കൂടിയാലോചനാ വൃത്തത്തില്‍ സ്ത്രീയും പുരുഷനുമുണ്ട്, ദുര്‍ബലനും ശക്തനുമുണ്ട്, സമ്പന്നനും ദരിദ്രനുമുണ്ട്, കറുത്തവനും വെളുത്തവനുമുണ്ട്. അവസരങ്ങളുടെ തുല്യത, സ്വാതന്ത്ര്യത്തിന്റെ പൂര്‍ണത.

തെരഞ്ഞെടുപ്പിലവസാനിക്കുന്നതാവരുത് ഭരണാധിപനും ഭരണീയരും തമ്മിലുള്ള ബന്ധം. ഭരണനടത്തിപ്പിന്റെ ഓരോ വിശദാംശത്തിലും ഭരണാധിപന്‍ ഭരണീയരോട് കടപ്പെട്ടവനാണ്. രാഷ്ട്രത്തെ ശരിയിലൂടെ നയിക്കാനാണ് അവനെ നിയോഗിച്ചിരിക്കുന്നത്. തെറ്റിലേക്ക് വഴിമാറുന്നേടത്ത് ജനവിശ്വാസത്തിന്റെ പിന്‍ബലം അവന് വിനഷ്ടമാവുന്നു.

ഇസ്‌ലാമിക രാഷ്ട്രത്തിന് കരുത്തുറ്റ നേതൃത്വം നല്‍കിയ രണ്ടാം ഖലീഫ ഉമറും ജനങ്ങളും തമ്മില്‍ നടന്ന സംഭാഷണം മാത്രം മതി ഇസ്‌ലാമിക രാഷ്ട്രഘടനയില്‍ ഭരണകര്‍ത്താവും ഭരണീയരും തമ്മിലുള്ള ബന്ധമറിയാന്‍. അധികാരം തന്നിലര്‍പ്പിക്കപ്പെട്ട വേളയില്‍ ഉമര്‍ ജനങ്ങളോടഭ്യര്‍ഥിക്കുന്നു: 'ശരിയില്‍ നിങ്ങളെന്നോട് സഹകരിക്കുക, തെറ്റു കണ്ടാല്‍ നിങ്ങളത് തിരുത്തുക.' 'ഞങ്ങള്‍ താങ്കളെ തിരുത്തുന്നത് വാളുകൊണ്ടായിരിക്കും'- അനുയായികളില്‍ ഒരാളുടെ പ്രതികരണം. ആധുനിക ജനാധിപത്യത്തിന്റെ ഈറ്റില്ലങ്ങളില്‍ പോലും ഇത്തരമൊരു പ്രതികരണമുളവാക്കുന്ന പ്രതിഫലനമെന്തായിരിക്കും? എന്നാല്‍ അദ്ദേഹത്തിന്റെ തലയെടുക്കാന്‍ അവിടെ വാള്‍തലകള്‍ മിന്നിയില്ല. അദ്ദേഹത്തിനുവേണ്ടി കാരാഗൃഹ വാതിലുകള്‍ തുറക്കപ്പെട്ടില്ല. മറിച്ച് ഉമറിന്റെ പ്രതികരണം: 'ഉമറിനെ വാളുകൊണ്ട് തിരുത്താന്‍ കെല്‍പുള്ള അനുയായികളെ നല്‍കിയ ദൈവത്തിന് സ്തുതി.' വെറുതെയല്ല, ഞാന്‍ മാതൃകയാക്കാനാഗ്രഹിക്കുന്നത് ഉമറിന്റെ ഭരണമാണെന്ന് രാഷ്ട്രപിതാവ് ഗാന്ധിജി തന്നെ പറയാനിടയായത്.

ഭരിക്കുന്നവന്‍ 'അധികാരി'യല്ല ഇവിടെ, ജനങ്ങളുടെ വിനീതവിധേയന്‍ മാത്രം. ഒരു ഭാഗത്ത് ജനങ്ങളോടും മറുഭാഗത്ത് ദൈവത്തോടുമുള്ള ഈ വിധേയത്വമാണ് ഇസ്‌ലാമിക രാഷ്ട്രഘടനയില്‍ ജനാധിപത്യമൂല്യങ്ങളുടെ കാവലാളാവുന്നത്. അമിതാധികാര പ്രയോഗത്തിന്റെയും ഏകാധിപത്യപ്രവണതകളുടെയും സ്പര്‍ശസാധ്യതയില്ലാത്ത ഭരണസംവിധാനം. ഇസ്‌ലാമിലെ രാഷ്ട്ര വ്യവസ്ഥയുടെ മൗലിക ചൈതന്യമിതായിരിക്കെ, സമകാലിക ലോകം ഇസ്‌ലാമിന്റെ ഭരണകൂട സങ്കല്‍പങ്ങളെ വായിച്ചെടുക്കേണ്ടിവരുന്നത് ഇസ്‌ലാമിക ഭരണത്തിന്റെ വ്യാജ മേല്‍വിലാസങ്ങളിലറിയപ്പെടുന്ന ഒരുപിടി ഏകാധിപതികളിലൂടെയാണെന്നത് എത്രത്തോളം ഖേദകരമല്ല!

## ജനാധിപത്യവും മൗദൂദിയും

ഇസ്‌ലാമിക ഭരണസംവിധാനത്തില്‍ പ്രകടമാവേണ്ട മൗലിക ജനാധിപത്യമൂല്യങ്ങള്‍ക്കു വേണ്ടി തത്ത്വത്തിലും പ്രയോഗത്തിലും പോരാടിയ ചിന്തകനും വിപ്ലവകാരിയുമായിരുന്നു അബുല്‍ അഅ്‌ലാ മൗദൂദി. ഇസ്‌ലാമിക രാഷ്ട്രസംവിധാനത്തിന്റെ അടിത്തറ വ്യക്തിസ്വാതന്ത്ര്യവും സ്വതന്ത്ര ചിന്തയുമാവണമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. പ്രവാചകന്റെ ഭരണരീതികളില്‍നിന്ന് രാജവാഴ്ചയിലേക്കുള്ള മുസ്‌ലിം ചരിത്രത്തിന്റെ വഴിമാറ്റത്തിനെതിരെയുള്ള അദ്ദേഹത്തിന്റെ വിമര്‍ശനങ്ങള്‍ മുസ്‌ലിംലോകത്ത് ഏറെ കോളിളക്കം സൃഷ്ടിച്ചു. സ്വാതന്ത്ര്യാനന്തരം തന്റെ കര്‍മഭൂമിയായ പാകിസ്താന്റെ ഭരണസംവിധാനങ്ങളെ ജനാധിപത്യവത്കരിക്കാന്‍ മൗദൂദിയും പാകിസ്താന്‍ ജമാഅത്തെ ഇസ്‌ലാമിയും നടത്തിയ ശ്രമങ്ങള്‍ ശ്രദ്ധേയമായിരുന്നു.

ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്ന ജനാധിപത്യമൂല്യങ്ങളെ കുറിച്ച് അദ്ദേഹം എഴുതി: "ഇസ്‌ലാം അതിന്റെ അനുയായികളില്‍ സ്വതന്ത്രചിന്തയുടെ ചൈതന്യം കടത്തിവിടുന്നു. ശരിയായ ജനാധിപത്യ അടിത്തറകളില്‍ അവരെ ശിക്ഷണം ചെയ്തെടുക്കുന്നു. ഏതഭിപ്രായവും പ്രകടിപ്പിക്കാമെന്നാണ് അത് പഠിപ്പിക്കുന്നത്. ഈ അവകാശം ഓരോ മനുഷ്യന്റെയും അവകാശമാണ്" (*തഫ്ഹീമാത്ത്*, ലേഖനസമാഹാരം, ഭാഗം 1, പേജ് 106). "ഒരു സമൂഹത്തില്‍ ഒരു വ്യക്തിക്ക് താന്‍ ഇഷ്ടപ്പെടുന്ന രീതിയില്‍ തന്റെ വ്യക്തിത്വം വികസിപ്പിക്കാന്‍ അവസരം ലഭിച്ചില്ലെങ്കില്‍ ആ സമൂഹത്തിന്റെ മനുഷ്യത്വം തണുത്തുറഞ്ഞുപോകും. കഴിവുകളോ സിദ്ധികളോ പ്രകാശിപ്പിക്കാന്‍ ആ സമൂഹത്തിന് സാധ്യമാവുകയില്ല. ബന്ധിതനായി ഞെരുങ്ങിക്കഴിയേണ്ടിവരുന്ന വ്യക്തി മരവിച്ച് ഒന്നുമല്ലാതായിത്തീരും" (*തഫ്ഹീമാത്ത്*, ഭാഗം 3, പേജ് 159).

ഇസ്‌ലാമിക ഭരണവ്യവസ്ഥയുടെ രീതിശാസ്ത്രങ്ങളെ കുറിച്ച് തന്റെ കൃതികളില്‍ മൗദൂദി സവിസ്തരം പ്രതിപാദി

ച്ചിട്ടുണ്ട്. പൂർണമായും ജനാധിപത്യത്തിന്റെ മൗലിക മൂല്യങ്ങളിൽ അധിഷ്ഠിതമായ രാഷ്ട്രഘടനയാണ്, ഇസ്‌ലാമിക പ്രമാണങ്ങളിൽനിന്ന് അദ്ദേഹം നിർധാരണം ചെയ്തെടുക്കുന്നത്. സ്വതന്ത്രമായ തെരഞ്ഞെടുപ്പും കൂടിയാലോചനയും ഭരണകർത്താക്കൾക്ക് ജനങ്ങളോടുള്ള വിധേയത്വവുമാണ് അതിന്റെ അടിത്തറ. തങ്ങൾ ദൈവത്തിന്റെ പ്രതിനിധികളാണെന്ന ബോധം ഭരണകർത്താക്കളെ അധികാരോന്മത്തരാക്കുകയല്ല, ജനങ്ങളുടെ വിനീതദാസരാക്കി മാറ്റുകയാണ് ചെയ്യുന്നത്. മൗദൂദി എഴുതുന്നു: "പ്രസ്തുത ഖിലാഫത്ത് തീർച്ചയായും ജനായത്തപരമായിരിക്കണം. ബഹുജനാഭിപ്രായമനുസരിച്ച് 'അമീറി'നെ അഥവാ ഭരണമേലധ്യക്ഷനെ തെരഞ്ഞെടുക്കണം. അവരുടെ അഭിപ്രായപ്രകാരം തന്നെയാവണം കാര്യാലോചനാസഭ രൂപീകരിക്കുന്നതും. അവരോടാലോചിച്ചുകൊണ്ടേ ഭരണകാര്യങ്ങൾ നിർവഹിക്കാൻ പാടുള്ളൂ. ഭരണകർത്താക്കളെ വിമർശിക്കാനും ചോദ്യം ചെയ്യാനും സാധാരണക്കാർക്ക് തുറന്ന അവസരവും അവകാശവുമുണ്ടാവണം. എന്നാൽ രാജ്യം തങ്ങളുടേതല്ല, ദൈവത്തിന്റേതാണ്; തങ്ങൾ നാടിന്റെ ഉടമകളല്ല, ദൈവത്തിന്റെ പ്രതിനിധികളാണ്. തങ്ങളുടെ ഏതു പ്രവൃത്തിയെ പറ്റിയും യഥാർഥ ഉടമസ്ഥനായ ദൈവത്തോട് കണക്ക് ബോധിപ്പിക്കേണ്ടിവരും എന്നീ ബോധത്തോടും ഓർമയോടും കൂടിയായിരിക്കണം അതെല്ലാം ചെയ്യുന്നത്" (*മതേതരത്വം, ദേശീയത്വം, ജനാധിപത്യം: ഒരു താത്ത്വിക വിശകലനം*- പേജ് 33).

മനുഷ്യാവകാശങ്ങളുടെ സംരക്ഷണം ഒരു ഭരണകൂടത്തിന്റെ അടിസ്ഥാന ബാധ്യതയാണ്. ഇസ്‌ലാം ഉയർത്തിക്കാട്ടുന്ന മനുഷ്യാവകാശങ്ങളുടെ ഒരു പട്ടിക തന്നെ *ഇസ്‌ലാമീ രിയാസത്ത്* (ഇസ്‌ലാമിക രാഷ്ട്രം) എന്ന കൃതിയിൽ മൗദൂദി രേഖപ്പെടുത്തിവെക്കുന്നു. ഈ അവകാശങ്ങൾ വകവെച്ചുകൊടുക്കാത്ത ഒരു ഭരണകൂടത്തിന് മറ്റെന്ത് ഗുണങ്ങളവകാശപ്പെടാനുണ്ടെങ്കിലും അത് ഇസ്‌ലാമിക ഭരണകൂടമാവുകയില്ലെന്നതാണ് അദ്ദേഹത്തിന്റെ വ്യക്തമായ കാഴ്ചപ്പാട്.

ഇസ്‌ലാം പ്രതിനിധാനം ചെയ്യുന്ന ജനാധിപത്യമൂല്യങ്ങളുടെ പുനരാവിഷ്കാരത്തിനായുള്ള തന്റെ ശ്രമങ്ങൾ അബുൽ അഅ്‌ലാ മൗദൂദി താത്ത്വികതലത്തിൽ ഒതുക്കിനിർത്തിയില്ല. വിഭജനാനന്തരം തന്റെ തട്ടകമായി അദ്ദേഹം തെരഞ്ഞെടുത്ത പാകിസ്താന്റെ രാഷ്ട്രീയ മണ്ഡലത്തെ ജനാധിപത്യമൂല്യങ്ങളിൽ ഉറപ്പിച്ചുനിർത്തുന്നതിനായി അദ്ദേഹം പോരാടി. 1956-ലും 1973-ലും നടന്ന ഭരണഘടനാ നിർമാണ പ്രക്രിയയിൽ സയ്യിദ് മൗദൂദി സജീവമായി ഇടപെട്ടിരുന്നു. ഭരണഘടനയെ ഇസ്‌ലാമിന്റെയും ജനാധിപത്യമൂല്യങ്ങളുടെയും അടിത്തറകളിൽ രൂപപ്പെടുത്താനായിരുന്നു അദ്ദേഹവും പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമിയും ശ്രമിച്ചത്. ഈ ശ്രമം വിജയം കണ്ടു. 'ഇസ്‌ലാം അനുശാസിക്കുന്നപ്രകാരം ജനാധിപത്യം, സ്വാതന്ത്ര്യം, സമത്വം, സഹവർത്തിത്വം, സാമൂഹികനീതി തുടങ്ങിയവയായിരിക്കും ഇതിന്റെ അടിസ്ഥാനം' എന്ന് 1956-ലെ ഭരണഘടന ആമുഖത്തിൽ രേഖപ്പെടുത്തുന്നു. 1973-ലെ ഭരണഘടനയിലും ഈ അടിസ്ഥാന തത്ത്വം അതേപടി ആവർത്തിക്കുന്നു. 1965-ലെ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ പാകിസ്താൻ ജമാഅത്തെ ഇസ്‌ലാമി ഫാത്വിമ ജിന്നയെ പിന്തുണച്ചത് ഏറെ കോളിളക്കം സൃഷ്ടിച്ചിരുന്നു. അയ്യൂബ് ഖാന്റെ പട്ടാളബൂട്ടുകളിൽനിന്ന് പാകിസ്താനെ മോചിപ്പിക്കാനും ജനാധിപത്യം പുനഃസ്ഥാപിക്കാനും ഫാത്വിമ ജിന്നയുടെ വിജയം സഹായകമാവുമെന്ന പ്രതീക്ഷയായിരുന്നു ഈ വിവാദ തീരുമാനത്തിനു പിന്നിൽ.

## പാശ്ചാത്യ ജനാധിപത്യവും മൗദൂദിയും

ജനാധിപത്യത്തിന്റെ മൗലിക മൂല്യങ്ങൾക്കു വേണ്ടി നിലകൊള്ളുമ്പോൾ തന്നെ, പാശ്ചാത്യലോകത്ത് വളർന്നു വന്ന മതവിരുദ്ധതയിലധിഷ്ഠിതമായ ജനാധിപത്യ സിദ്ധാന്തങ്ങളോട് മൗദൂദി ശക്തമായി വിയോജിച്ചു. ഇതാകട്ടെ ഇസ്‌ലാമിന്റെ തന്നെ മൗലികമായ വിയോജിപ്പാണ് താനും. മൗദൂദി എഴുതുന്നു: "രാജാധിപത്യത്തോടും നാടുവാഴിമേധാവിത്വത്തോടും വർഗപരമായ കുത്തകാവകാശത്തോടും നമുക്ക് തീർത്താൽ തീരാത്ത അമർഷമുണ്ട്. ആധുനികകാലത്തെ ഏറ്റവും വലിയ ജനാധിപത്യവാദിക്കുണ്ടാവുന്നത്ര അമർഷം. സാമൂഹികജീവിതത്തിൽ എല്ലാ ഓരോരുത്തർക്കും തുല്യാവകാശവും തുല്യനിലപാടും തുല്യാവസരവും ലഭിക്കണമെന്ന് നമുക്ക് വലിയ ശാഠ്യമുണ്ട്- ഒരു പാശ്ചാത്യൻ ജനാധിപത്യവാദിക്കുള്ളത്ര ശാഠ്യം. ദേശവാസികളുടെ സ്വതന്ത്രവും നിർബാധവുമായ ഹിതാനുസാരമായിരിക്കണം ഗവൺമെന്റിന്റെ ഭരണ നിർവഹണവും ഭരണാധികാരികളുടെ തെരഞ്ഞെടുപ്പുമെന്നതിനെ സംബന്ധിച്ചേടത്തോളം നമുക്ക് എതിരഭിപ്രായവുമില്ല. പ്രജകൾക്ക് അഭിപ്രായസ്വാതന്ത്ര്യവും സംഘടനാ സ്വാതന്ത്ര്യവും പ്രക്ഷോഭണ സ്വാതന്ത്ര്യവുമില്ലാത്തതോ, ജനനത്തെയും ജാതിയെയും പാരമ്പര്യത്തെയും വർഗപരതയെയും ആധാരമാക്കിയുള്ള പ്രത്യേകാവകാശങ്ങളും പ്രത്യേക പ്രതിബന്ധങ്ങളുമുള്ളതോ ആയ ഒരു ജീവിത വ്യവസ്ഥിതിയെ നാം ഒരിക്കലും അനുകൂലിക്കുന്നില്ല. ജനാധിപത്യത്തിന്റെ യഥാർഥ സത്തയായ ഇവ്വിധ വിഷയങ്ങളിലൊന്നും നാം വിഭാവനം ചെയ്യുന്ന ജനപ്രാതിനിധ്യവും പാശ്ചാത്യൻ ജനാധിപത്യവും തമ്മിൽ അന്തരമൊന്നുമില്ല. ഇവയൊന്നും തന്നെപാശ്ചാത്യർ നമ്മെ അഭ്യസിപ്പിച്ചതുമല്ല. പടിഞ്ഞാറൻ ജനായത്തവാദികൾ ജന്മമെടുക്കുന്നതിന്റെ എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ നമുക്കതറിയാം. അതിന്റെ ഏറ്റവും നല്ല മാതൃക ലോകത്തിന് നാം പ്രായോഗികമായി കാട്ടിക്കൊടുത്തിട്ടുള്ളതുമാണ്. വാസ്തവത്തിൽ ഈ പുത്തൻ ജനാധിപത്യത്തിൽ നമുക്ക് പറ്റാത്തത് ഒന്നു മാത്രമാകുന്നു: അത് ജനങ്ങളുടെ സ്വേഛാപ്രഭുത്വത്തെ ആവിഷ്കരിച്ചുവെന്നത്" (*മതേതരത്വം, ദേശീയത്വം, ജനാധിപത്യം: ഒരു താത്ത്വികവിശകലനം*- പേജ് 31,32).

പാശ്ചാത്യലോകത്ത് ജനാധിപത്യം വളർന്നുവന്നത് ക്രൈസ്തവതയുടെ മേലങ്കിയണിഞ്ഞ പൗരോഹിത്യ അധികാരവർഗത്തോട് പടവെട്ടിയാണ്. മതത്തെയും രാഷ്ട്രത്തെയും കൈപ്പിടിയിലൊതുക്കി സമൂഹത്തെ അടിച്ചമർത്തി അമിതാധികാര പ്രയോഗം നടത്തിയ പുരോഹിതവർഗം സർവ ചെയ്തികൾക്കും ന്യായീകരണം ചമച്ചത് ദൈവപ്രോക്തമായ ശാസനാധികാരത്തിന്റെയും തെറ്റാവരത്തിന്റെയും തിട്ടൂരമിറക്കിയായിരുന്നു. സർവവിധ ജനാധിപത്യമൂല്യങ്ങളും അവിടെ നിഷ്കരുണം ചവിട്ടിയരക്കപ്പെട്ടു. ബദൽ ശബ്ദങ്ങളുയർത്താൻ ശ്രമിച്ചവരുടെ ശിരസ്സുകൾ തെരുവിലുരുണ്ടു. സ്വതന്ത്ര ചിന്തയുടെ സർവ വാതിലുകളും കൊട്ടിയടക്കപ്പെട്ടു. ഈ നെറികേടുകളൊക്കെയും വരവു വെക്കപ്പെട്ടതാകട്ടെ മതത്തിന്റെ കോളത്തിലും.

ഈ സാഹചര്യങ്ങളോടുള്ള പ്രതികരണവും പ്രതിഷേധവുമായി വളർന്നുവന്ന ജനാധിപത്യ സിദ്ധാന്തങ്ങൾക്ക് മതവിരുദ്ധ മുഖം വന്നത് ഒരളവോളം സ്വാഭാവികമായിരുന്നു. മതവും ദൈവവും ജനാധിപത്യവിരുദ്ധ ശക്തികളായി മുദ്രചെയ്യപ്പെട്ടു. രാഷ്ട്രഗാത്രത്തിൽ ദൈവിക നിയമങ്ങൾക്ക് ഇടം നൽകിയാൽ അത് ജനാധിപത്യവിരുദ്ധതയിലേ കലാശിക്കുകയുള്ളൂവെന്ന് വിലയിരുത്തപ്പെട്ടു. ഈ ചിന്തകളെ ശക്തിപ്പെടുത്തുന്നതായിരുന്നു ക്രൈസ്തവ യൂറോപ്പിലെ മതപൗരോഹിത്യ അധികാര വാഴ്ചയുടെ ഓരോ ചലനവും. ജനാധിപത്യമൂല്യങ്ങളെ വിശ്വാസത്തിന്റെ സത്തയിൽ ചാലിച്ചു ചേർത്തിരിക്കുന്ന ഇസ്‌ലാമിക ദർശനമാവട്ടെ അവരുടെ ധാരണാമണ്ഡലത്തിനപ്പുറത്തായിരുന്നു താനും. ജനാഭിപ്രായത്തിലൂടെ അധികാരം കൈയാളുന്ന ഭരണകൂടം പി

ന്തുടരുന്ന നിയമസംഹിത മതരഹിതമായാൽ മാത്രമേ ജനാധിപത്യം പൂർണമാവുകയുള്ളൂവെന്ന് സിദ്ധാന്തിക്കപ്പെട്ടത് ഈ പശ്ചാത്തലത്തിലാണ്.

ഒരു രാഷ്ട്രത്തിലെ മുഴുവൻ ജനങ്ങളും താൽപര്യപ്പെട്ടാലും അവർ പിന്തുടരുന്ന ഭരണവ്യവസ്ഥ മതാത്മകമാവാൻ പാടില്ലെന്ന ആശയത്തിന്റെ ജനാധിപത്യവിരുദ്ധത കൂട്ടത്തിൽ ശ്രദ്ധിക്കപ്പെടാതെ പോയി. അവരുടെ ദർശനത്തിലും ചിന്താരീതികളിലും അധിഷ്ഠിതമായ ഭരണവ്യവസ്ഥ സ്വതന്ത്രമായി തെരഞ്ഞെടുക്കാൻ അവസരം നൽകപ്പെടുമ്പോൾ മാത്രമാണ് ജനാധിപത്യം അർഥവത്താവുന്നത്. മതരഹിത സമൂഹത്തിന് മതരഹിത ഭരണകൂടത്തെ തെരഞ്ഞെടുക്കാൻ അവകാശമുള്ളതുപോലെ മതാഭിമുഖ്യമുള്ള സമൂഹത്തിന് മതാത്മക ഭരണകൂടത്തെയും തെരഞ്ഞെടുക്കാൻ അവകാശമുണ്ടാവണം. അതിലാണ് യഥാർഥ ജനാധിപത്യത്തിന്റെ പൂർണത.

'പരമാധികാരം' ആർക്ക് എന്ന ചർച്ചയിലാണ് ഇസ്‌ലാം പാശ്ചാത്യ ജനാധിപത്യത്തോട് വിയോജിക്കുന്നത്. പരമാധികാരം മനുഷ്യർക്ക് എന്ന ആശയം ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഇസ്‌ലാമിൽ അത് ദൈവത്തിനാണ്. ദൈവിക നിർദേശങ്ങളാവണം നിയമങ്ങളുടെ അടിത്തറ.

'ജനങ്ങളുടെ പരമാധികാരം' എന്ന സങ്കൽപത്തിന് ഇസ്‌ലാം പകരം വെക്കുന്നത് 'ജനങ്ങളുടെ പ്രാതിനിധ്യം' (ഖിലാഫത്ത്) എന്ന ആശയത്തെയാണ്. എന്നാൽ യൂറോപ്പിൽ പ്രകടമായതുപോലെയുള്ള മതപൗരോഹിത്യ ഭരണത്തിലേക്ക് നയിക്കുന്നതല്ല ഈ സങ്കൽപം. മതത്തിന്റെ പേരിൽ തീർപ്പു കൽപിക്കാൻ അധികാരം നൽകപ്പെട്ട ഒരു പുരോഹിതവർഗം ഇസ്‌ലാമിന്റെ ഘടനയിലില്ല. ഇസ്‌ലാമിൽ പൗരോഹിത്യത്തിന് ഇടമില്ലെന്നത് വ്യക്തമായ മതശാസനയാണ്. ഇസ്‌ലാമിന്റെ സങ്കൽപത്തിൽ, ദൈവം അവന്റെ പ്രതിനിധി എന്ന സ്ഥാനം നൽകിയിരിക്കുന്നത് മതത്തിനകത്തെ ഏതെങ്കിലും വ്യക്തികൾക്കോ വർഗത്തിനോ അല്ല, വിശ്വാസികളുടെ പൊതു സമൂഹത്തിനാണ്. ദൈവത്തിൽനിന്ന് തുല്യ പ്രാതിനിധ്യം ലഭിച്ചിരിക്കുന്നവരെന്ന നിലയിൽ രാഷ്ട്ര വ്യവഹാരങ്ങളിൽ അവകാശപൂർവം പങ്ക് വഹിക്കാൻ അത് ഓരോ പൗരനും അവസരമൊരുക്കുന്നു. ഭരണകൂടത്തെ ആത്മവിശ്വാസത്തോടെ വിലയിരുത്താനും അധികാരബോധത്തോടെ ചോദ്യം ചെയ്യാനും അത് വ്യക്തികളെ പ്രാപ്തരാക്കുന്നു. അഥവാ ഇസ്‌ലാമിന്റെ പ്രാതിനിധ്യസങ്കൽപം ജനാധിപത്യത്തെ ദുർബലമാക്കുകയല്ല, കൂടുതൽ കരുത്തുറ്റതാക്കി മാറ്റുകയാണ് ചെയ്യുന്നത്.

ഇസ്‌ലാമിക ശരീഅത്താണ് ഇസ്‌ലാമിക ഭരണകൂടത്തിന്റെ നിയമനിർമാണങ്ങളുടെ അടിത്തറ. എക്കാലത്തേക്കുമായി മുൻകൂട്ടി തയാറാക്കപ്പെട്ടിരിക്കുന്ന കൽപനകളുടെ സമാഹാരമല്ല ശരീഅത്ത്. മറിച്ച്, നിയമനിർമാണവേളകളിൽ ഭരണകൂടത്തിന് വെളിച്ചമേകുന്ന മാർഗനിർദേശങ്ങളാണ് അവ. നീതിയുടെ പൂർത്തീകരണമാണ് ശരീഅത്തിന്റെ അടിസ്ഥാന താൽപര്യം. നിയമനിർമാണവേളകളിൽ സംഭവിച്ചേക്കാവുന്ന മനുഷ്യസഹജമായ ദൗർബല്യങ്ങളിൽനിന്ന് അത് നിയമനിർമാതാക്കളെ മുക്തരാക്കുന്നു. നീതിയുടെ പൂർണതയിലേക്ക് അത് വെളിച്ചമേകുന്നു.

ആധുനിക ജനാധിപത്യ സംവിധാനത്തിലും, നിയമനിർമാണങ്ങൾക്ക് മേൽ ഇത്തരം മാർഗനിർദേശകതത്ത്വങ്ങളുടെ നിയന്ത്രണം ചിരപരിചിതമാണ്. താത്ത്വികമായി ഒരു ജനാധിപത്യഭരണകൂടത്തിന് സ്വതന്ത്രമായി നിയമനിർമാണം നടത്താൻ അധികാരമുണ്ടായിരിക്കെത്തന്നെ, ഭരണഘടനയിൽ നേരത്തേ അംഗീകരിക്കപ്പെട്ട ഭരണഘടനാ തത്ത്വങ്ങൾക്കും അന്താരാഷ്ട്ര പ്രഖ്യാപനങ്ങൾക്കും വിധേയമായിക്കൊണ്ടാണ് നിയമനിർമാണങ്ങൾ നടക്കുന്നത്. ഭൂരിപക്ഷസമൂഹത്തിന്റെ പ്രതിനിധികൾ നിർമിക്കുന്ന നിയമങ്ങൾ ന്യൂനപക്ഷാവകാശങ്ങൾ കവർന്നെടുക്കാതെ സൂക്ഷിക്കുന്നത് ഭരണഘടനയിലെ മൗലിക തത്ത്വങ്ങളാണ്. രാഷ്ട്രാന്തരീയ മാനങ്ങളുള്ള നിയമനിർമാണങ്ങളെ സങ്കുചിത ദേശീയതത്വത്തിന്റെ വൈകാരികതകളിൽനിന്ന് രക്ഷിക്കുന്നത് അന്താരാഷ്ട്ര പ്രഖ്യാപനങ്ങളോടും ഉടമ്പടികളോടുമുള്ള വിധേയത്വമാണ്. സമാനമാണ് ഇസ്‌ലാമിക ഭരണസംവിധാനത്തിൽ ശരീഅത്ത് നിർവഹിക്കുന്ന പങ്ക്. നിയമനിർമാണങ്ങളെ നീതിയുടെ മൂശയിൽ വാർത്തെടുക്കുകയാണ് അതിന്റെ ദൗത്യം.

ചുരുക്കത്തിൽ, ഇസ്‌ലാമിക ഭരണവ്യവസ്ഥയുടെ മൗലിക അടിത്തറകളും ജനാധിപത്യമൂല്യങ്ങളും പരസ്പരം ഏറ്റുമുട്ടുന്നവയല്ല, അനുപൂരകങ്ങളായി പരസ്പരം കരുത്തു പകരുന്നവയാണ്. ഈ ആശയമാണ് അല്ലാമാ ഇഖ്ബാൽ ഇപ്രകാരം വ്യക്തമാക്കുന്നത്: ''ഒരു പ്രവർത്തന ആശയമെന്ന നിലക്ക് ഏക ദൈവത്വത്തിന്റെ സത്ത സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയാണ്. ഈ തത്ത്വങ്ങളെ സ്ഥല-കാല യാഥാർഥ്യമായി പരിവർത്തിപ്പിക്കുകയാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാടിൽ ഭരണകൂടം ചെയ്യുന്നത്. അഥവാ മനുഷ്യചുറ്റുപാടുകളിൽ അവ പ്രയോഗവത്കരിക്കാനുള്ള ശ്രമമാണത്. ഈ അർഥത്തിൽ മാത്രമാണ് ഇസ്‌ലാമിലെ ഭരണകൂടം മതഭരണകൂടമാവുന്നത്. തെറ്റാവരത്തിന്റെ പിൻബലത്തിൽ ദൈവത്തിനു വേണ്ടി അധികാരപ്രയോഗം നടത്തുന്നവരുടെ ഭരണകൂടമല്ല ഒരിക്കലും അത്'' (The Reconstruction of Religious Thought in Islam, Chapter-6). ഇതേ ആശയം തന്നെയാണ് സയ്യിദ് മൗദൂദി തന്റെ കൃതികളിലൂടെയും പ്രകാശിപ്പിച്ചിട്ടുള്ളത്. അഥവാ ഒരർഥത്തിലും ജനാധിപത്യമൂല്യങ്ങളെ നിരാകരിക്കുകയായിരുന്നില്ല, പാശ്ചാത്യ ജനാധിപത്യത്തിൽ ഉൾച്ചേർന്നിരിക്കുന്ന മത നിരാസപരവും ജനാധിപത്യവിരുദ്ധവുമായ അംശങ്ങളെ തുറന്നുകാട്ടുകയായിരുന്നു അദ്ദേഹം. ഇത്തരം വിലയിരുത്തലുകളെ ആത്മവിമർശനപരമായി ഉൾക്കൊള്ളുമ്പോൾ മാത്രമേ ഏതൊരു ആശയവും സ്വയം നവീകരിച്ച് അതിജീവനത്തിനുള്ള അർഹത നേടുകയുള്ളൂ. ■